കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറാക്കര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/760/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 29-05-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറാക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.6/2020

നം. കെ.എസ്.എ.എം.പി.എം13/760/2020 തിയ്യതി: 29-05-2020

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-01-2019 മുതൽ 08-03-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 9-03-2020 മുതൽ 20-03-20 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. മുഹമ്മദാലി.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി.അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസുഫ്.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എ.പി.മൊയ്തീൻകുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. അനിത.ജെ.സ്റ്റീഫൻ | 01.04.2018 മുതൽ 12.03.2019 വരെ |
| ശ്രീമതി. ബിന്ദു.വി.ആർ | 13.03.2019 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബിന്ദു വി ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ലക്ഷ്മി. ഒ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്‌രീ.സുരേഷ്.എസ് | 01.04.2018 മുതൽ 4.01.2019 വരെ |
| | ശ്‌രീ.ശിവദാസൻ.വി | 05.01.2019 മുതൽ 13.01.2019 വരെ |
| | ശ്‌രീ. അനീഷ്കുമാർ.ബി | 14.1.2019 മുതൽ 7.03.2019 വരെ |
| | ശ്‌രീ.ഷബീർ.എം.ബി | 8.03.2019 മുതൽ 12.03.2019 വരെ |
| | ശ്‌രീ.ശിവദാസൻ.വി | 13.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.അബ്ദുസ്സലീം വില്ലൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗ്രീഷ്മ ടി എൻ | 01.04.2018 മുതൽ 7.07.2018 വരെ |
| | ശ്രീമതി.അരുണിമ | 8.07.2018 മുതൽ 10.07.2018 വരെ |
| | ശ്രീമതി.ഫർസാന റൂബി | 11.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. അഹമ്മദ് കുട്ടി മാസ്റ്റർ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി. ജയപ്രഭ | 1.06.2018 മുതൽ 25.03.2019 വരെ |
| | ശ്രീ.സുദീഷ്കുമാർ.കെ.എസ് | 26.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗീത എം ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. എൻ ജയ ചന്ദ്രൻ | 01.04.2018 മുതൽ 14.09.2018 വരെ |
| | ശ്രീമതി.ആശ.ബി | 15.09.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി. പ്രീത സക്കറിയ | 01.04.2018 മുതൽ 14.09.2018 വരെ |
| | ശ്രീ.മിഥുൻ.ഒ.വി | 15.09.2018 മുതൽ 21.10.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.സജിന.പി.എ | 22.10.2018 മുതൽ 26.10.2018 വരെ |
| | ശ്രീ.റോഷ്ന റഷീദ് കുട്ടി | 27.10.2018 മുതൽ 11.01.2019 വരെ |
| | ശ്രീ.സജിന.പി.എ | 12.01.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി | 1-12 |
| 13 | ലൈസൻസ് ഈടാക്കിയതിലെ അപാകത | 1-13 |
| 14 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-15 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 17 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-17 |
| 18 | ക്വാർട്ടേഴ്സുകൾക്ക് ലോഡ്ജുകളുടെ നിരക്കിൽ വസ്തു നികുതി ചുമത്തി | 1-18 |
| 19 | ഇ-ടെണ്ടർ ഫോറം വില ലഭ്യമാക്കിയില്ല | 1-19 |
| 20 | പേ-റിവിഷൻ അറിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയത്-സംബന്ധിച്ച് | 1-20 |
| 21 | ഫെസ്റ്റിവൽ അലവൻസ് നൽകിയത് -തിരികെ ഈടാക്കിയത് -സംബന്ധിച്ച് | 1-21 |
| 22 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 23 | പൊതു ശ്മശാനം പ്രവർത്തന സജ്ജമാക്കിയില്ല | 1- |

| | | |
|---|---|---|
| | | 23 |
| 24 | ക്ഷീര വികസന വകുപ്പ് വിഹിതം ഉൾപ്പെടാതെ പാലിനു സബ്സിഡി നൽകി | 1-24 |
| 25 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | -25 |
| 26 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി | 1-26 |
| 27 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് കുറവു ചെയ്തില്ല | 1-27 |
| 28 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-28 |
| 29 | സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-29 |
| 30 | എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 31 | പ്രോജക്ട് ചെലവു തുകയിൽ വ്യത്യാസം | 1-31 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ- ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ- | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 40 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, തിയതി | പതുക്കിയ ബജറ്റ് തീരുമാനനമ്പർ, തിയതി |
|---|---|
| PR No. 1(1) dated 7.03.2018 | 12-02-2019 , 1(1) |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.05.2019 | - | - |

## 1-3 ധനകാര്യവിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 7832011 |
| വരവ് | 117766524 |
| ആകെ | 125598535 |
| ചെലവ് | 83572853 |
| നീക്കിയിരിപ്പ് | 42025682 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(ACR പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20903873 | 20903873 | 20823873 | 8000 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3512000 | 35120000 | 3512000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 344000 | 344000 | 0 | 344000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12393000 | 12393000 | 12354401 | 38599 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4366000 | 4366000 | 2465018 | 1900982 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9702000 | 9702000 | 9702000 | 0 |
| സാക്ഷരത | 6059 | 76750 | 82809 | 37000 | 45809 |
| Own fund | 4353712 | 11469849 | 15823561 | 12133524 | 3690037 |
| ട്രഷറി ടി.എസ്.ബി | 1896669 | 41912355 | 43809024 | 14637477 | 29171547 |
| MGNREG | 6580 | 16938878 | 16945458 | 16936213 | 9245 |
| total sanitation | 894530 | 1576483 | 2471013 | 511330 | 1959683 |
| ബി ഫണ്ട് | | | | | |
| കുടുംബശ്രീ | 1481 | 73 | 1554 | 118 | 1436 |

| | | | | | |
|---|---|---|---|---|---|
| Kgb literacy | 6059 | 39750 | 45809 | 0 | 45809 |
| Mdcb EMS | 4784 | 0 | 4784 | 0 | 4784 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ച പ്രൊജക്ട് | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 245 | 122302887 | 161 | 66423986 | 67 | 17 | 76.02 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ-ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6580 | 787404 | 793984 | 784739 | 9245 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16151474 | 16151474 | 16151474 | 0 |

# 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 50640 | 28 |
| കർഷക തൊഴിലാളി വേതനം | 3357100 | 189 |
| വിധവാ പെൻഷൻ | 26474300 | 1481 |
| വാർദ്ധക്യകാല പെൻഷൻ | 37017100 | 1946 |
| വികലാംഗ പെൻഷൻ | 8222500 | 461 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിൽ ഉള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 402900 | 24 |

# 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.3.2020 തിയ്യതിയിൽ 10.30 AM ന് നടത്തി. 25110 രൂപയുടെ ബാലൻസ് പരിശോധനയിൽ ഉറപ്പ് വരുത്തി.

# 1-9 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.പേർസണൽ റജിസ്റ്റർ, ചുമതല കൈമാറ്റ റജിസ്റ്റർ, ജോലി വിഭജന രേഖ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. മാസ്റ്റർ ഇൻകുമ്പൻസി കാലികമാക്കേണ്ടതാണ്. കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ്‌വെയർ എന്നിവക്ക് പ്രത്യേകം റജിസ്റ്ററുകൾ തായ്യാറാക്കേണ്ടതാണ്. എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ജി.ഒ (പി) 177/2006 ധനം. തി.12.4.2016 ഉത്തരവ്വ പ്രകാരമുള്ള റജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.3.2020 | 1.02.2020-29.02.2020 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 26.07.2017 | 2012-13to2016-17 | ലഭിച്ചിട്ടില്ല |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്ക് പ്രകാരമുള്ള Development Fund (G) വരവ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (ACR) പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ACR | 2,08,23,873 |
| AFS | 2,09,03,873 |

2. സ്റ്റോക്ക് -സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.EMS Housing Bank അക്കൗണ്ടിൽ ലഭിക്കേണ്ട പലിശ വരവുകൾ അക്രൂ ചെയ്ത് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4.സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ വാർഷിക കണക്കിൽ (I-14(d) ) ഉൾപ്പെടുത്തിയിട്ടില്ല. സേവന പത്രിക പ്രകാരമുള്ള പെൻഷനുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പെൻഷൻ | Sevana Stmt. |
|---|---|
| Agr.labour Pension | 2380400 |
| Old Age Pension | 25285500 |
| Disability Pension | 5689600 |
| Un married Woman | 276700 |
| Widow Pension | 18321200 |

5. MNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash book - 1,70,72,213

AFS - 1,69,36,213

6. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി സാക്ഷ്യപ്പെടുത്തിയ സംഗ്രഹം ഹാജരാക്കിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. ആസ്തികളിൽമേൽ തൻവർഷത്തെ Depreciation കണക്കാക്കി ഷെഡ്യൂൾ I-17(a) ൽ ഉൾപ്പെടുത്തിയിട്ടില്ല.

9. D&O Licence 18-19 ലേക്ക് ലഭിച്ച അഡ്വാൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കു പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|
| 103600 | 115350 |

10. തൊഴിൽ നികുതി 18-19 ലേക്ക് ലഭിച്ച അഡ്വാൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കു പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|
| 120510 | 336160 |

11. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് തെറ്റാണ്

| സ്ഥാപനം | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് | രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 30,30,100 | 29,00,500 |
| ബ്ലോക്ക് പഞ്ചായത്ത് | 1,40,10,890 | 20,000 |

12.ലോൺ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാനുള്ള തുക | 23,20,000 |
| വാർഷിക കണക്ക് പ്രകാരം തിരിച്ചടക്കാനുള്ള തുക | 24,20,000 |

13. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| അഡ്വാൻസ് രജിസ്റ്റർ പ്രകാരം/പത്രിക പ്രകാരം | 49,85,800 |
| വാർഷിക കണക്ക് പ്രകാരം(Balance Sheet) | 49,80,400 |

14. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

16.സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച വരവ് തുകകൾ റസീപ്റ്റ് &പേയ്മെന്റ് പത്രികയും ഗ്രാമ പഞ്ചായത്ത് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം | സാക്ഷ്യപ്പെടുത്തിയ പത്രിക പ്രകാരം |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 42,83,320 | 46,05,720 |
| ബ്ലോക്ക്പഞ്ചായത്ത് | 69,17,710 | 70,17,574 |

# 1-12 ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി

1). VI/178A,VI/178B,VI/178C,VI/178Dഎന്നീ വാണിജ്യാവശ്യങ്ങൾക്കുള്ള റൂമുകളും VI/178E , VI/178F എന്നീ ക്വാർട്ടേഴ്സുകളും ഉൾപ്പെടുന്ന കെട്ടിടത്തിന് നമ്പർ നൽകി വസ്തു നികുതി ചുമത്തിയ ശ്രീ.അലവി എന്നയാളുടെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സുകളുടെ പ്ലാനിനോടൊപ്പം ചേർത്തു വെച്ച കൈവശ സർട്ടിഫിക്കറ്റ് [നം.31050286, സർവ്വേ നം.309, വില്ലേജ്.മേൽമുറി] പ്രകാരം സ്ഥലത്തിന്റെ തരം WET ആണ്. (വി.0.0382Ha). 9.55സെന്റ് WET ആയ സ്ഥലത്ത് വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിന് നേരിട്ട് അനുമതി നൽകാൻ കേരള തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമില്ലാത്തതാണ്. പ്രസ്തുത സ്ഥലത്ത് നിർമ്മാണാനുമതി നല്കിയ സർക്കാർ/കോടതി ഉത്തരവുകൾ ഫയലിൽ ചേർത്തുവെച്ചിട്ടില്ല.

2).ടി.കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ ,പാർക്കിംഗ് പ്ലാൻ എന്നിവ പ്രകാരം പ്ലോട്ടിലേക്ക് മുൻ വശത്ത് നിന്ന് മാത്രമാണ് പ്രവേശന മാർഗ്ഗമുള്ളത്. മുൻവശമൊഴികെയുള്ള ഭാഗങ്ങൾ മറ്റു വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്. കെട്ടിടത്തിന്റെ വലതു വശത്ത് അതിരിൽ നിന്നും 1.30 മീറ്ററും ഇടതുവശത്ത് 1.60മീറ്ററുമാണ് വീതിയുള്ളത്. വാണിജ്യാവശ്യങ്ങൾക്കുള്ള4 റൂമുകളും 2 ക്വാർട്ടേഴ്സുകളും ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ആവശ്യമായത് 3കാർ പാർക്കിംഗുകളാണ്. അവയിൽ 2 എണ്ണം മുൻവശത്തും ഒന്ന് പിറകു വശത്തുമാണ് നൽകിയിട്ടുള്ളത്. എന്നാൽ പിറകു വശത്തെ പാർക്കിംഗ് ഏരിയയിലേക്ക് വാഹനത്തിനു കടന്ന് പോകാൻ മതിയായ വീതി കെട്ടിടത്തിന്റെ വശങ്ങളിൽ നൽകിയിട്ടില്ല.ശരാശരി 6 - 6.5അടി വീതി വരുന്ന കാറുകൾക്ക് കെട്ടിടത്തിന്റെ വശങ്ങളിലൂടെ പിറക് വശത്തേക്ക് പ്രവേശിക്കാൻ കഴിയില്ല..അതായത് യഥാർത്ഥത്തിൽ 2 കാർ പാർക്കിംഗുകൾക്കുള്ള സ്ഥല സൗകര്യം

മാത്രമാണ് ഒരുക്കിയിട്ടുള്ളത്. ചട്ടപ്രകാരം അനിവാര്യമായി ഒരുക്കേണ്ട പാർക്കിംഗ് യാഥാർത്ഥ്യമാക്കാത്ത നിലയിൽ പ്ലാൻ അംഗീകരിക്കുകയും നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പറുകൾ നൽകുകയും ചെയ്തിരിക്കുന്നു.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.22 /19-03-2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ട വിരുദ്ധമായി കെട്ടിട നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

എന്നാൽ മാറാക്കര ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ഓഡിറ്റ് തിയ്യതി വരെ നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 586 അപേക്ഷകരിൽ നിന്നായി 197200/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

ലൈസൻസ് ഈടാക്കിയതിന്റെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-11/ 13.3.2020) ക്ക് മറുപടി നൽകിയിട്ടില്ല.

# 1-14 ലൈസൻസ് സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 3155 വാണിജ്യ കെട്ടിടങ്ങൾ നികുതി അടവാക്കിയതായിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 586 സ്ഥാപനങ്ങൾക്കാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/ 13.3.2020) സെക്രട്ടറി നൽകിയ മറുപടിയിൽ , വാക്കൻസി റെമിഷൻ അപേക്ഷകൾ ഒന്നാം അർദ്ധ വർഷത്തിൽ 2 ഉം രണ്ടാം അർദ്ധ വർഷത്തിൽ 9 ഉം മാത്രമാണെന്നും . മാറാക്കര ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി കളക്ഷൻ 100% ആണ് എന്നും അറിയിച്ചു. ആയതിനാൽ ഫീൽഡ് പരിശോധന നടത്തി ഓരോ വാർഡിലെയും സ്ഥാപനങ്ങൾ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും,എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ നസ്റത്ത് സ്കൂൾ, പൂവാഞ്ചിറ എന്ന സ്ഥാപനത്തിലെ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ

| ക്രമ നം | പേര് | അർദ്ധവർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1. | ശ്രുതി, ടീച്ചർ | 2018-19 ഒന്ന് | 36000 | 300 | 180 | 120 | 118070108687/ 21.02.2019 രസീതി നം, തിയ്യതി |
| 2. | സിഫാറത്ത്, അക്കൗണ്ടന്റ് | 2018-19 ഒന്ന് | 42000 | 300 | 180 | 120 | |
| 3. | നൗഷാദ്, പിയൂൺ | 2018-19 ഒന്ന് | 42000 | 300 | 180 | 120 | |
| 4. | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശ്രുതി, ടീച്ചർ | 2018-19 രണ്ടാം | 36000 | 300 | 180 | 120 | |
| 5. | അബ്ദുസമദ്, ടീച്ചർ | 2018-19 രണ്ടാം | 36000 | 300 | 180 | 120 | |
| ആകെ | | | | | | 600 | |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-19/19.3.2020) ക്ക് നൽകിയ മറുപടിയിൽ കുറവുള്ളത് ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. കുറവുള്ളത് ഈടാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി അടവാക്കിയ , ഗ്രാമ പഞ്ചായത്തിലെ ചില സ്ഥാപനങ്ങളിലെ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരിൽ നിന്ന് ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധവർഷം |
|---|---|---|---|
| 1 | ജി.എൽ.പി.എസ് കരേക്കാട് | ഫസീല , ടീച്ചർ | 2018-19 ഒന്നാം |
| 2 | “ | ആതിര, ടീച്ചർ | 2018-19 ഒന്നാം |
| 3 | “ | പുഷ്പ, ടീച്ചർ | 2018-19 ഒന്നാം |
| 4 | “ | ശശികല, ടീച്ചർ | 2018-19 ഒന്നാം |
| 5 | “ | സതി, ടീച്ചർ | 2018-19 ഒന്നാം |
| 6 | “ | റഷീദ്, ടീച്ചർ | 2018-19 ഒന്നാം |
| 7 | ജി.എൽ.പി.എസ് ചെറുപറമ്പ് | ആയിച്ചുമ്മ, ടീച്ചർ | 2018-19 ഒന്നാം |
| 8 | “ | ചന്ദ്രപ്രഭ, ടീച്ചർ | 2018-19 ഒന്നാം |
| 9 | “ | സജിത, ടീച്ചർ | 2018-19 ഒന്നാം |
| 10 | MES സ്കൂൾ , പുത്തനത്താണി | സ്മിത. പി | 2018-19 രണ്ടാം |
| 11 | “ | അജിഷ | 2018-19 രണ്ടാം |
| 12 | “ | ജുമാന.കെ.പി | 2018-19 രണ്ടാം |

പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-19/19.3.2020) ക്ക്

നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു.

# 1-17 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം മാറാക്കര ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് <u>പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ</u>; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് ഉള്ളതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും ചെറിയ മുറികളായി തിരിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം പ്രസ്തുത ചട്ടം ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി നികുതി നഷ്ടം സംഭവിക്കുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($m^2$) | ചുമത്തേണ്ട നികുതി+LC | ചുമത്തിയ നികുവതി+LC | വ്യത്യാസം (നികുതി+ LC) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ.അലവി | VI/178A | 33.0 | 1815+91 | 1089+55 | 726+36 | ഇളവ്: 10% വർദ്ധനവ്: 20% |
| | | VI/178B | 33.0 | 1815+91 | 1089+55 | 726+36 | |
| | | VI/178C | 33.0 | 1815+91 | 1089+55 | 726+36 | |
| | | VI/178D | 33.0 | 1815+91 | 1089+55 | 726+36 | |
| | | ആകെ | 132.0 | 7260+364 | 4356+220 | 2904+144 | |

100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1),5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 30/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ മേൽ കാണിച്ച ഉദാഹരണത്തിൽ മാത്രം 2904+144 രൂപയുടെ നികുതി നഷ്ടം വർഷം തോറും സംഭവിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 20 / 19-03-2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

സമാനമായി മുൻ വർഷങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-18 ക്വാർട്ടേഴ്സുകൾക്ക് ലോഡ്ജുകളുടെ നിരക്കിൽ വസ്തു നികുതി ചുമത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം മാറാക്കര ഗ്രാമ പഞ്ചായത്തിലെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 4രൂപയും ലോഡ്ജുകളുടെ നിരക്ക് 20 രൂപയുമാണ്. ചട്ട പ്രകാരം താമസത്തിനുള്ള ക്വാർട്ടേഴ്സുകളും പാർപ്പിടാവശ്യത്തിനുള്ളവയുടെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

ഗ്രാമ പഞ്ചായത്തിൽ ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി ചുമത്തുന്നതിന് 4രൂപ അടിസ്ഥാന നികുതി ചുമത്തുന്നതിന് പകരം ലോഡ്ജുകളുടെ നിരക്കായ 20രൂപ ചുമത്തിയതായി കാണുന്നു.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ശ്രീ.അലവി | VI/178E , VI/178F |
| 2 | ശ്രീ.അബ്ദുറസാഖ് | XIX/34A, XIX/34B |
| 3 | ശ്രീമതി.ആമിനക്കുട്ടി | XIX/392A, XIX/392B |
| 4 | ശ്രീ.മുഹമ്മദ് നൗഷാദ് | XI/142L,XI/142M |
| 5 | ശ്രീ.കുഞ്ഞീതുട്ടി | XII/443A |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21 /19-03-2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി വസ്തുനികുതി ചുമത്തിയത് തിരുത്തുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-19 ഇ-ടെണ്ടർ ഫോറം വില ലഭ്യമാക്കിയില്ല

ജി.ഒ (എം.എസ്) 318/2013/തസ്വഭവ/തി: 28-9-13 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിനു മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ- ടെണ്ടർ സംവിധാനം നടപ്പാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 10 പ്രവൃത്തികളാണ് ഇ- ടെണ്ടർ ചെയ്തത്. ഇവയുടെ ടെണ്ടർഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ഇതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 പേ-റിവിഷൻ അറിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയത്-സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ പേറിവിഷൻ അരിയർ ശമ്പളത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു. 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം.21800177/13.6.18 തുക 127943(മൂന്നാം ഗഡു)

വൗച്ചർ നം.21800178/13.6.18 തുക 58948 ( „ )

| ക്രമ നം | പേര് | തസ്തിക | കുടിശ്ശികയിൽ ഉൾപ്പെട്ട അടിസ്ഥാന ശമ്പളം | അടവാക്കേണ്ട തുക 15% |
|---|---|---|---|---|
| 1 | മനോജ് വി | അസി.സെക്രട്ടറി | 16920x7=118440 | 49424 |

| | | | | |
|---|---|---|---|---|
| | | | 17380x6=104280<br>17572x1=17572<br>17840x5=89200<br>-------------------<br>329492 | |
| 2 | സുരേഷ് കുമാർ കെ.വി | ഹെഡ് ക്ളർക്ക് | 16520 x12=198240<br>16920x7 =118440<br>---------------------<br>316680 | 47502 |
| 3 | ഗിരീഷ് എസ്.എൻ | അക്കൗണ്ടന്റ് | 14920 x12 =179040<br>15320x3 = 45960<br>16920x4= 67680<br>---------------------<br>292680 | 43902 |
| 4 | ജിനീഷ് .എസ് | ക്ളാർക്ക് | 11180 x6= 67080<br>11480x12=137760<br>11780x1=11780<br>--------------------<br>216620 | 32493 |
| 5 | ഷീജ .ഇ.സി | ക്ളാർക്ക് | 10060x3=30180<br>10340x16=165440<br>------------------------<br>195620 | 29343 |
| 6 | സജിനി ആഞ്ജിലോസ് | ക്ളാർക്ക് | 10060x6=60360<br>10340x13=134420<br>------------------------<br>194780 | 29217 |
| 7 | ജോയ് കെ.ജെ | ഓഫീസ് അറ്റൻഡന്റ് | 11780x7=82460<br>12080x12=144960<br>-----------------------<br>227420 | 34113 |
| 8 | അബ്ദുൽ നാസർ.പി.പി | പാർട്ട് ടൈം ലൈബ്രേറിയൻ | 6060x10=60600<br>6160x9 =55440<br>-----------------------<br>116040 | 17406 |
| 9 | ലീല | പാർട്ട് ടൈം സ്വീപ്പർ | 5700x12=68400<br>5820x7=40740<br>---------------------<br>109140 | 16371 |
| 10 | രാജ ലക്ഷ്മി | ഹെഡ് ക്ലർക് | 8260x1=8260<br>1102x1=1102<br>16520x6=99120 | 17264 |

| | | | | |
|---|---|---|---|---|
| | | | 6608x1=6608<br>--------------------<br>115090 | |
| 11 | അനിതാ സറ്റീഫൻ | സെക്രട്ടറി | 28100x4=112400<br>28830x12=345960<br>29560x3=88680<br>-----------------------<br>547040 | 82056 |
| 12 | സതീഷൻ<br>എൈ.എം | സീനിയർ ക്ളർക്ക് | 13290x6=79740<br>13610x12=163320<br>13920x1=13920<br>---------------------<br>256980 | 38547 |

പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-21 ഫെസ്റ്റിവൽ അലവൻസ് നൽകിയത് -തിരികെ ഈടാക്കിയില്ല

ജി.ഒ(പി) നം.134/2018/ധന.തി.18/8/2018 പ്രകാരം 2018-19 വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.താഴെപറയുന്ന ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയത് തിരികെ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയില്ല.വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

# 1-22 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ചെലവു വിവരം | വൗച്ചർ നം./ബിൽ നം/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വാർഡ് തല ശുചിത്വ മെഡിക്കൽ ഓഫീസർക്ക് നൽകിയത് | 21800276/4.8.2018 | 200000 | ചെലവ് വൗച്ചർ ഇല്ല |
| 2 | തിരുനനാവായ കുടിവെള്ള പദ്ധതി മൂന്നാം ഘട്ടം(പ്രൊജക്ട് നം.6/19)<br>വാട്ടർ അതോറിറ്റി നിക്ഷേപം | ബിൽ നം.44/16.1.19 | 2000000 | പൂർത്തീകരണം/ വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | കിഡ്നി വെൽഫയർ | ബിൽ നം.1/17.5.2018 | 300000 | രസീത്,വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | സൊസൈറ്റിക്ക് സംഭാവന നൽകൽ (പ്രൊജക്ട് നം.4/19) | | | എന്നിവ ഇല്ല |

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 2500000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു (ഓഡിറ്റ് എൻക്വയറി നം. 9/17.3.2020 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.)

## 1-23 പൊതു ശ്മശാനം പ്രവർത്തന സജ്ജമാക്കിയില്ല

കേരള സർക്കാരിന്റെ ഏഴിന പദ്ധതിയ്ക്കു കീഴിൽ, പൊതു ശ്മശാനം സ്ഥാപിക്കുന്നതിന് മാറാക്കര ഗ്രാമ പഞ്ചായത്ത് 50 സെന്റ് ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തത് 30.09.1983 നാണ്. മാറാക്കര അംശം/വില്ലേജ് കല്ലാർമംഗലം ദേശത്ത് റി.സ. നമ്പർ 291 ൽ ശ്രീ. തെക്കിനിയത്ത് ഹുസൈൻ എന്നവരുടെ ഉടമസ്ഥതയിലുള്ള ഭൂമി 30,000 രൂപയ്ക്കാണ് വാങ്ങിയത്.

2013-14 ൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഈ സ്ഥലത്തിന് ചുറ്റുമതിലും ഗേറ്റും പണിതു. 2015-16 ൽ ഗ്രാമ പഞ്ചായത്ത് 291219 രൂപ ചെലവഴിച്ച് ശ്മശാനത്തിനുവേണ്ടി ഒരു കുടിവെള്ള പദ്ധതി സ്ഥാപിച്ചു . 2016-17 ൽ ഷെഡ് നിർമാണവും പ്ലാന്റ് സ്ഥാപിക്കലും (പ്രോജക്ട് നം. 257/17) എന്ന പ്രോജക്ടിന് 1175000 രൂപ ഗ്രാമ പഞ്ചായത്ത് വകയിരുത്തിയെങ്കിലും പ്രോജക്ട് നിർവഹണം നടത്തിയില്ല.

2018-19 ൽ അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 245/19 മുഖേന ശ്മശാനത്തിന് ഷെഡ് നിർമ്മിക്കാൻ 1400000 രൂപ വകയിരുത്തി. പ്രവൃത്തിക്ക് 12.12.2018 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചുവെങ്കിലും പണി ആരംഭിച്ചത് 30.07.2019 നാണ്. 07.11.2019 ന് ഷെഡ് നിർമ്മാണം പൂർത്തീകരിച്ച് 1247416 രൂപയ്ക്ക് മൂല്യനിർണയം നടത്തിയിട്ടുണ്ട്. 2019-20 ൽ 259/20 നമ്പർ സ്പിൽ ഓവർ പ്രോജക്ടായാണ് ഈ പ്രവൃത്തി ചെയ്തത് .

2018-19 ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 262/19 മുഖേന ശ്മശാനത്തിൽ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കാൻ 3000000 രൂപ അടങ്കൽ വകയിരുത്തി . 2019 ഫെബ്രുവരിയിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് , ശുചിത്വ മിഷൻ എംപാനൽ ചെയ്ത ഹൈ- ടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് , കൈപ്പട്ടൂർ , പത്തനംതിട്ട എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. എന്നാൽ പണി പൂർത്തീകരിച്ചിട്ടില്ല.

ശ്മശാനത്തിനു സ്ഥലം വാങ്ങി 30 വർഷം അവിടെ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല . ഇപ്പോൾ 36 വർഷം പിന്നിട്ടിട്ടും ശ്മശാനം പ്രവർത്തന സജ്ജമായിട്ടില്ല .ഇതിനാൽ നാളിതുവരെ ചെലവഴിച്ച പണം മുടങ്ങിക്കിടക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു..

ശ്മശാനം പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-24 ക്ഷീര വികസന വകുപ്പ് വിഹിതം ഉൾപ്പെടാതെ പാലിനു സബ്സിഡി നൽകി

പ്രോജക്ട്.94/19 , പാലിനു സബ്സിഡി

ബിൽ നം./തീയതി :04/15.03.19 , തുക: 66,184/- (പ്ലാൻ ഫണ്ട്)

പ്രസ്തുത ബിൽ പ്രകാരം പിൻവലിച്ച് 66,184 രൂപ 155ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ കർഷകർക്ക് 3 രൂപ നിരക്കിൽ സബ്സിഡി നൽകുകയും മറ്റ് മാസങ്ങളിലേക്ക് നൽകാൻ ഫണ്ട് മതിയാവാതെ വരികയും ചെയ്തതിനാൽ ശേഷിക്കുന്ന തുക ഓഗസ്റ്റ്,സെപ്തംബർ മാസങ്ങളിൽ(3രൂപ നിരക്കിലെ ധനസഹായത്തിനു പുറമെ) 87പൈസ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനാണ് പ്രസ്തുത 66,184രൂപ വിനിയോഗിച്ചിരിക്കുന്നത്. ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററിനു 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ

(14.02.18ലെ സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ-സബ്സിഡി നിരക്കുകൾ ഭാഗം 6.2.8) നിർദ്ദേശിക്കുന്നത്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേണ്ട 3 രൂപയ്ക്ക് പുറമെ 87പൈസ അധികമായി നൽകിയത് അധികൃതമാക്കുന്ന രേഖകൾ ഫയലിൽ ചേർത്തു വെച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെയുള്ള ധനസഹാത്തിൽ ഒരു ഗുണഭോക്താവിനു വർഷത്തിൽ നൽകാവുന്ന പരമാവധി ധനസഹായം 40,000/-രൂപയാണ്. അതായത് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുടെ അഭാവത്തിൽ ആയത് 30,000/-രൂപയായിരിക്കും.ധനസഹായം നൽകിയ ഗുണഭോക്താക്കളിലെ ശ്രീ. ഷാഹുൽ ഹമീദ് 32937(29961+2976) ശ്രീമതി.ഉമ്മു ഹബീബ (30000+3590) എന്നിവർക്ക് ബിൽ നം.01/27.12.18 (തുക-596800/-)പ്രകാരം യഥാക്രമം 29961, 30000രൂപ വീതം ധനസഹായം നൽകിയിരുന്നു.ആയതിനു പുറമെ ബിൽ നം.4 പ്രകാരം യഥാക്രമം 2976രൂപ,3590രൂപ എന്നിങ്ങനെ ധനസഹായം നൽകിയിരിക്കുന്നു.തൻമൂലം 30,000രൂപയിൽ കവിഞ്ഞ് ധനസഹായം നൽകാനിട വന്നിട്ടുണ്ട്.

ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപഉൾപ്പെടുത്താതെ സബ്സിഡി പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് 4/-രൂപ നിരക്കിൽ വിതരണം ചെയ്യാൻ അനുമതി നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മറ്റ് രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 06/17.03.2020)നൽകി.രേഖകൾ ഹാജരാക്കിയില്ല. എന്നാൽ ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക പ്രകാരം 4 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അവകാശപ്പെട്ടിരിക്കുകയാണ്. സർക്കാർ ഉത്തരവുകളുടെ പിൻബലമില്ലാത്ത അവകാശവാദം സ്വീകാര്യമല്ലെങ്കിലും തുടർ വർഷങ്ങളിൽ സർക്കാർ അനുമതിയോടെ മാത്രം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഡിപ്പാർട്ട്മെന്റ് വിഹിതത്തിനു തുല്യമായ തുക ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

പി.എച്ച്.സിയിലേയ്ക്ക് കെ..എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ ചെക്ക് നം. | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് | തുക | |
| SO 051/17 പി. എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 03/18-19 /12.09.2018 MG(NR) | PRF1039/ 30.08.2018 | 3,00,000 | 4729/ 31.07.19 | 50022 | 00 |
| | | | | 5579 26.08.19 | 35075 | |
| | | | | 8757 19.11.19/ | 191665 | |
| | | | | 1302/ 19.11.19 | 4845 | |
| | | | | 11290/ | 18393 | |
| | 5942329/ 07.01.19 (Block Pt.Share) | PRF2706/ 24.11.2018 | 1,92,923 | 4740/ 31.07.19 | 87707 | 30,025 |
| | | | | 722/ 31.07.19 | 36667 | |
| | | | | 8663/ 18.11.19 | 38524 | |

| | | | | | | |
|---|---|---|---|---|---|---|
| 43/19, പരിരക്ഷ | | PRF1038/ 30.08.2018 | 1,20,000 | 4722/ 31.07.19 | 47413 | 54,270 |
| | | | | 5577/ 26.08.19 | 18317 | |
| ആകെ | | | 4,92,923 | | 4,08,628 | 84,295 |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കുന്നതു വരെ 84,295 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 1-26 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി

14-02-2018ലെ ജി.ഒ(എം.എസ്)നം.22/2018/ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 7.5.3 പ്രകാരം ,ആരോഗ്യ വകുപ്പ് കേന്ദ്രീകൃത വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കിയ മരുന്നുകൾ സ്ഥാപനങ്ങൾക്ക് അപര്യാപ്തമാണെങ്കിൽ മാത്രമാണ് ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനം മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിന്റെ മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കേണ്ടത്. ഇപ്രകാരം മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്ന് മതിയായ മരുന്ന് തൻവർഷം ലഭ്യമായിട്ടില്ലെന്ന് ബന്ധപ്പെട്ട ഡി.എം.ഒ. സാക്ഷ്യപ്പെടുത്തിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. മാർഗ്ഗ രേഖ പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഡി.എം.ഒ. ഇഷ്യൂ ചെയ്യുന്നതിന് പ്രയാസം നേരിടുന്നുവെന്ന് നിരീക്ഷിച്ച് സർക്കാർ (ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കെ.എം.എസ്.സി.എൽ നിന്ന് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനും ഡി.എം.ഒ.കൗണ്ടർസൈൻ ചെയ്ത് നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പ്രഫോർമയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊഫോർമ മുകളിൽ പരാമർശിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം സാധൂകരിക്കുന്നതാണ്.

എന്നാൽ മരുന്ന് വാങ്ങുന്നതിനുള്ള SO 051/17 നമ്പർ പ്രോജക്ട് തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു.

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങുന്നതിന് പ്രൊജക്ട് തയ്യാറാക്കാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.05 /17.03.2020) നൽകി. മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് തന്നെ സർക്കാർ നിർദ്ദേശിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് കുറവു ചെയ്തില്ല

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം (സെൻട്രൽ നിയമം) വകുപ്പുകൾ 3(1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച്, ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ടതാണ്.

2018-19 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഇപ്രകാരം നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി കുറവു ചെയ്ത തുകയുടെ 1% കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. കാഷ് ബുക്ക് പ്രകാരം, 301385 രൂപ വിവിധ പ്രവൃത്തികളിൽ നിന്ന്

ക്ഷേമനിധി വിഹിതമായി കുറവു ചെയ്ത് ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ഇതിന്റെ 1% ആയ 3014 രൂപ ബോർഡിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-28 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 84/19- യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് പ്രോജക്ടിന് തനതുഫണ്ടിൽ നിന്ന് 100000 രൂപ വകയിരുത്തുകയും 57600 രൂപ ചെലവഴിക്കുകയും ചെയ്തു. ക്വട്ടേഷൻ ക്ഷണിച്ച് മെട്രോ സ്പോർട്സ് ഗ്യാലറി , കാടാമ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് 12 കിറ്റുകൾ വാങ്ങി, ഇതിന്റെ വിലയായി 57600 രൂപ 23.03.19 ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി . പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിന്റെ GST ബിൽ ഇല്ല.

2) ബില്ലിൽ ഫുട്ബാൾ കിറ്റ് 12 എണ്ണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമല്ല .

3) ഏതെല്ലാം ക്ലബ്ബുകൾക്കാണ് കിറ്റ് വിതരണം ചെയ്തത് എന്ന് രേഖയില്ല .

4) ക്ലബ്ബുകളുടെ രജിസ്ട്രേഷൻ, അംഗീകാരം എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 17/17.03.2020 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവുതുക 57600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-29 സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 32/19 - സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ പ്രോജക്ടിന് തനതു ഫണ്ടിൽ നിന്ന് 1479000 രൂപ വകയിരുത്തുകയും 1289650 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കിയ താഴെ പറയുന്ന പ്രവർത്തനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകളുണ്ട്.

<u>I) പ്രതിഭ പരിശീലനം</u>

മാറാക്കര വി.വി.എം. ഹയർ സെക്കന്ററി സ്കൂളിലെ 8,9 ക്ലാസുകളിലെ തെരഞ്ഞെടുത്ത 56 വിദ്യാർത്ഥികൾക്ക് ഉന്നത തല പരിശീലനം നൽകിയതിന് ട്യൂഷൻ ഫീസായി 200000 രൂപ പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസേർച്ച് എന്ന സ്ഥാപനത്തിന് 16.03.19 ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി.

<u>അപാകതകൾ</u>

1) ഗ്രാമ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയായ സ.ഉ(കൈ) 11/2018/തസ്വഭവ തി: 29.01.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6 ൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയ ശേഷമേ ഏറ്റെടുക്കാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പ്രതിഭ പരിശീലനത്തിൽ ഇക്കാര്യം ഉറപ്പുവരുത്തിയിട്ടില്ല .

2) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ , സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ആണ് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നത്.

ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലാണ്. ഇത് പരിഗണിക്കാതെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രോജക്ട് മുഖേന പരിശീലനം നൽകി .

II) പെൺകുട്ടികൾക്ക് സൈക്കിൾ ക്ലബ്ബും കരാട്ടേ പരിശീലനവും

സഫാരി ട്രേഡിംഗ് കമ്പനി, ഈസ്റ്റ് കോഡൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം. 267/08.02.19 മുഖേന Hero Sun dancer സൈക്കിൾ 25 എണ്ണവും (87500 രൂപ) Hero Ml Gold സൈക്കിൾ 8 എണ്ണവും (32500 രൂപ) ആകെ 33 സൈക്കിൾ വാങ്ങി. ഇതിന്റെ വില 120000 രൂപ 16.03.19 ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി .

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, ചുവടെ ചേർത്ത വിധം സൈക്കിളുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തു.

| ക്രമ നം. | സ്കൂളിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ജി.എം.എൽ.പി സ്കൂൾ, കല്ലാർമംഗലം | 2 |
| 2 | എ.എൽ.പി സ്കൂൾ, കാടാമ്പുഴ | 5 |
| 3 | എ.എം.എൽ.പി സ്കൂൾ, കീഴ്മുറി | 2 |
| 4 | ജി.എൽ.പി സ്കൂൾ, കരേക്കാട് | 4 |
| 5 | എ.യു.പി സ്കൂൾ, മാറാക്കര | 6 |
| 6 | ജി.എൽ.പി സ്കൂൾ, ചെറുപറമ്പ് | 2 |
| 7 | എ.എം.യു.പി സ്കൂൾ, മേൽമുറി | 5 |
| 8 | എ.യു.പി സ്കൂൾ, കാടാമ്പുഴ | 3 |
| 9 | ജി.എൽ.പി സ്കൂൾ, മേൽമുറി | 3 |
| | ആകെ | 32 |

അപാകതകൾ

1) ഒരു സൈക്കിൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല .

2) എ.യു.പി സ്കൂൾ, കാടാമ്പുഴ സൈക്കിൾ കൈപ്പറ്റിയ രസീത് ഇല്ല .

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ , സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ആണ് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നത്. എന്നാൽ എയിഡഡ് സ്കൂളുകൾക്കും പ്രോജക്ട് മുഖേന സൈക്കിൾ നൽകി.

കരാട്ടേ പരിശീലനം മേൽമുറി സൗത്ത് എ.എം.യു.പി സ്കൂളിൽ വച്ച് നടത്തിയതിന് 20000 രൂപ ഇന്റർനാഷണൽ ഷോട്ടോകാൻ കരാട്ടേ, ചെലൂർ, കോഡൂർ പി.ഒ എന്ന സ്ഥാപനത്തിന് 23.03.19 ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി. ടി സ്ഥാപനത്തിന്റെ 03.03.19 ലെ മുൻകൂർ രസീത് ഫയലിലുണ്ട്.

അപാകതകൾ

1) പരിശീലനത്തിൽ പങ്കെടുത്തവരുടെ പേരുവിവരം, ഹാജർ പട്ടിക എന്നിവയില്ല .

2) സ്ഥാപനം പണം കൈപ്പറ്റിയതിന്റെ രസീത് ഇല്ല .

3) ഗ്രാമ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയായ സ.ഉ(കൈ) 11/2018/തസ്വഭവ തി: 29.01.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6 ൽ, സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടേ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ് എന്നും ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാധ്യാപകരെ നിയോഗിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഈ പരിശീലനം ഗ്രാമ പഞ്ചായത്ത് നടത്തേണ്ടതല്ല . പ്രൈമറി സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഈ പരിശീലനം നൽകാൻ മാർഗരേഖയിൽ നിർദ്ദേശമില്ല.

III) ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കൽ

ഇതിനാവശ്യമായ പാത്രങ്ങളും ഉപകരണങ്ങളും പുത്തനത്താണി വഫ മഹൽ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും (ഇൻവോയ്സ് നം. 10563/15.02.19) 300000 രൂപ 23.03.19 ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകുകയും ചെയ്തു. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം/തൂക്കം |
|---|---|---|
| 1 | സ്റ്റീൽ പ്ലേറ്റ് | 2363 |
| 2 | സ്റ്റീൽ ഗ്ലാസ്സ് | 2363 |
| 3 | സ്റ്റീൽ ബക്കറ്റ് | 10 |
| 4 | Deep Dappa | 24 |
| 5 | Shunk Bucket | 6.56 |
| 6 | Shunk Uruli | 33.94 |
| 7 | J K Davara | 79.90 |
| 8 | Cooker 20 Lr | 3 |
| 9 | Grinder3-L | 2 |

അപാകതകൾ

1) പാത്രങ്ങളും ഉപകരണങ്ങളും 9 സ്കൂളുകൾക്ക് വിതരണം ചെയ്തുവെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചുവെങ്കിലും താഴെ ചേർത്ത 7 സ്കൂളുകളുടെ കൈപ്പറ്റ് രസീതിയാണ് ഫയലിലുള്ളത് .

1. ജി.എൽ.പി സ്കൂൾ, കരേക്കാട്

2. എ.യു.പി സ്കൂൾ, മാറാക്കര

3. എ.എം.യു.പി സ്കൂൾ, മേൽമുറി സൗത്ത്

4. എ.യു.പി സ്കൂൾ, കാടാമ്പുഴ

5. എ.എൽ.പി സ്കൂൾ, കാടാമ്പുഴ

6. ജി.എൽ.പി സ്കൂൾ, ചെറുപറമ്പ്

7. ജി.എം.എൽ.പി സ്കൂൾ, കല്ലാർമംഗലം

2) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ , സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ആണ് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നത്. എന്നാൽ എയിഡഡ് സ്കൂളുകൾക്കും പ്രോജക്ട് മുഖേന പാത്രങ്ങളും ഉപകരണങ്ങളും നൽകി. പദ്ധതി മാർഗരേഖ പ്രകാരം, എയിഡഡ് സ്കൂളുകളിൽ യൂറിനലുകളും ടോയ്‌ലെറ്റും വാഷ്ബെയിസിനും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ് അനുവാദമുള്ളത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

# 1-30 എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. SO 028/19 പ്രകാരം എസ്.എസ്.എ വിഹിതമായി 1000000 രൂപ വികസന ഫണ്ടിൽ നിന്ന് ട്രഷറി ബിൽ നം. 1/17.05.18 മുഖേന എസ്.എസ്.എ മലപ്പുറം ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരേയും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പ്രോജക്ട്

ഓഫീസിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല . വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവുതുക 1000000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-31 പ്രോജക്ട് ചെലവു തുകയിൽ വ്യത്യാസം

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 32/19- സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ പ്രോജക്ടിന്റെ ആകെ ചെലവ് നിർവഹണോദ്യോഗസ്ഥന്റെ കാഷ് ബുക്കും ചെലവു രേഖകളും പ്രകാരം 1289650 രൂപയാണ്. എന്നാൽ സുലേഖ സോഫ്റ്റ്‌വെയറിലെ ചെലവു പത്രിക പ്രകാരം ഇത് 1211150 രൂപയാണ്. 78500 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഫെസ്റ്റിവൽ അലവൻസ് നൽകിയത് -തിരികെ ഈടാക്കിയത് -സംബന്ധിച്ച്

ജി.ഒ(പി) നം.134/2018/ധന.തി.18/8/2018 പ്രകാരം 2018-19 വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.താഴെപറയുന്ന ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയത് തിരികെ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതണ്

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | തുക | വൗച്ചർ നം/ തിയ്യതി |
|---|---|---|---|---|
| 1 | നവീദ് | ഓവർസിയർ എം.ജി.എൻ.ആർ.ജി.എസ് | 2750 | 21800361/ 30.08.2018 |
| 2 | ഫായിസ് | അസി.എഞ്ചിനീയർ എം.ജി.എൻ.ആർ.ജി.എസ് | 2750 | 21800362/ 30.08.2018 |
| 3 | കിലാബ്.എൻ | ഓവർസിയർ എം.ജി.എൻ.ആർ.ജി.എസ് | 2750 | 21800363/ 30.08.2018 |
| 4 | ഷൗക്കത്തലി.കെ | അക്കൗണ്ടന്റ് എം.ജി.എൻ.ആർ.ജി.എസ് | 2750 | 21800364/ 30.08.2018 |
| 5 | സറീന | ഡി.ഇ.ഒ എം.ജി.എൻ.ആർ.ജി.എസ് | 2750 | 21800365/ 30.08.2018 |
| 6 | നിസാമുദ്ധീൻ | ടെക്നിക്കൽ അസിസ്റ്റന്റ് | 2750 | 21800367/ 30.08.2018 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 8 / തി. 17.3.2020 ) മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 16500 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 20.07.2019വരെ | കെ.എസ്.എ.എംപിഎം 13/1185/2019 തിയ്യതി:24.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2018-19

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 226730 | നെൽകൃഷി വികസനം 20/18-19 | 226730 | 0 |
| | 3253780 | ലൈഫ് പദ്ധതി ജനറൽ 25/18-19 | 3253780 | 0 |
| | 380000 | ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ സ്കോളർഷിപ്പ് 63/18-19 | 354600 | 25440 |
| | 1210000 | പി.എച്.സി വനിതാ സൗഹൃത കോംപ്ലക്സ് | 0 | 1210000 |
| | 1100000 | പൊതു ശ്മശാനത്തിന് ഷെഡ് നിർമ്മാണം. | 0 | 1100000 |
| | 300000 | പി.എച്.സിക്ക് മരുന്ന് വാങ്ങൽ 51/18-19 | 192923 | 107077 |
| | 124800 | ലൈഫ് പദ്ധതി,എസ്.സി 26/18-19 | 100000 | 24800 |
| | 350000 | പാലിന് സബ്സിഡി | 0 | 350000 |
| | 59285 | മാലിന്യ സംസ്കരണശാലയിലേക്ക് മാലിന്യം എത്തിക്കൽ 234/18-19 | 59285 | 0 |
| | 12979 | പാലിന് സബ്സിഡി233/18-19 | 12979 | 0 |
| ജില്ലാ പഞ്ചായത്ത് | 983320 | ലൈഫ് പദ്ധതി ജനറൽ 25/18-19 | 983320 | 0 |
| | 322400 | ലൈഫ് പദ്ധതി,എസ്.സി 26/18-19 | 0 | 322400 |

| | | | | |
|---|---|---|---|---|
| | 400000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് 63/18-19 | 399500 | 500 |
| | 2900000 | പൊതു ശ്മശാനത്തിന് ഷെഡ് നിർമ്മാണം. | 0 | 2900000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | തിരുനാവായ കുടിവെള്ള പദ്ധതി | 21801126/10.1.2019 | 2000000 | 0 | ലഭ്യമാക്കിയിട്ടില്ല. | 2000000 |

## 4-4 മൊബെലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 2420000 | 0 | 0 | 0 | 2420000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം</u>

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12, 12- | 3-1 | | --- | | |

| | | | | | |
|---|---|---|---|---|---|
| 13 | | 2015-16 | | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2-2,2-3 | 2016-17 | --- | - | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | | നടപടി തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 11 | 12 | 13 |
| 1 | 1999-2000 | 3-5 1,2,6 | ഡോ. മുകുന്ദ വർമ്മ | LF 6611/ Spl.cell/ SC5/05 8.5.09/ 12.5.09 | 1044 | 1044/ 11202100940/ 10.10.12 | 1044 | 0 | |
| 2 | 1999-01 | 20, 26, 33 | പി. ജയഭാരതി | LF 6611/ Spl.cell/ SC5/05 10.08 | 1067 | Rs 1067 Rt 112021009 41/10-10-12 | 1067 | 0 | |
| 3 | 2008-09 | 3-3, 3-4p | എ.എ.ടെസീല സെക്രട്ടറി | LF 6611/ Spl.cell/c4 D1/C5/6.3.9 | 15009 | -- | 0 | 15009 | |
| 4 | 2008-09 | 3-9 3-10 3-11 | എസ്. മനോജ്, കൃഷി ഓഫീസർ | LF 6611/ Spl.cell/c D1/C5/6.3.9 | 35000 | -- | -- | 35000 | |
| 5 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.cell/sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,77,66,524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,35,72,853 |
| വരവിനങ്ങളിലുള്ള നഷ്ടം | 600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,41,895 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |
| 3-1 | | 16,500 | അനിത ജെ. സ്റ്റീഫൻ, സെക്രട്ടറി |
| ആകെ | | 16,500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 25,00,000 | അനിത ജെ. സ്റ്റീഫൻ, സെക്രട്ടറി |
| 1-25 | 84,295 | ഡോ.ഗീത.എം.ടി,<br>മെഡിക്കൽ ഓഫീസർ(ആരോഗ്യം) |
| 1-28 | 57600 | ശ്രീമതി ജയപ്രഭ, ഹെഡ്മിസ്ട്രസ്സ് |
| 1-30 | 10,00,000 | ശ്രീ. അഹമ്മദ് കുട്ടി മാസ്റ്റർ,ഹെഡ് മാസ്റ്റർ |
| ആകെ | 36,41,895 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത.ജെ.സ്റ്റീഫൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>മാറാക്കര ഗ്രാമപഞ്ചായത്ത് | അനുഗ്രഹ, കാവുങ്ങൽ,<br>മലപ്പുറം |
| | | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 1969-70 | എൽ എഫ് എം7/1403/94 തിയ്യതി 21.07.94 | 3 |
| 1970-71 | എൽ എഫ് എം7/1404/94 തിയ്യതി 21.07.94 | 2 |
| 1971-72 | എൽ എഫ് എം7/1405/94 തിയ്യതി 22.07.94 | 4 |
| 1972-73 | എൽ എഫ് എം7/1406/94 തിയ്യതി 22.07.94 | 3 |
| 1976-77 | എൽ എഫ് എം7/1628/94 തിയ്യതി 22.07.94 | 1 |
| 1977-78 | എൽ എഫ് എം7/1629/94 തിയ്യതി 22.07.94 | 1 |
| 1978-79 | എൽ എഫ് എം7/1626/94 തിയ്യതി 22.07.94 | 4 |
| 1980-81 | എൽ എഫ് എം7/1627/94 തിയ്യതി 22.07.94 | 2 |
| 1981-82 | എൽ എഫ് എം7/1843/94 തിയ്യതി 22.07.94 | 2 |
| 1982-83 | എൽ എഫ് എം7/1837/94 തിയ്യതി 22.07.94 | 5 |
| 1983-84 | എൽ എഫ് എം7/1838/94 തിയ്യതി 22.07.94 | 6 |
| 1984-85 | എൽ എഫ് എം7/1839/94 തിയ്യതി 22.07.94 | 8 |
| 1985-86 | എൽ എഫ് എം7/1840/94 തിയ്യതി 22.07.94 | 7 |
| 1986-87, 1987-88 | എൽ എഫ് എം7/1841/94 തിയ്യതി 22.07.94 | 5 |
| 1988-89, 1989-90 | എൽ എഫ് എം7/571/94 തിയ്യതി 09.06.94 | 10 |
| 1990-91 | എൽ എഫ് എം7/609/92 തിയ്യതി 10.02.94 | 10 |
| 1991-92 | എൽ എഫ് എം7/195/94 തിയ്യതി 10.01.95 | 7 |
| 1992-93 | എൽ എഫ് എം5/771/96 തിയ്യതി 26.09.96 | 7 |
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി | 11 |

| | | |
|---|---|---|
| | 16.06.04 | |
| 1997-98 | എൽ എഫ് എം12/1632/03 തിയ്യതി 16.06.04 | 7 |
| 1998-99 | എൽ എഫ് എം12/1633/03 തിയ്യതി 18.06.04 | 12 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 1999-00 | എൽ എഫ് എം12/493/08 തിയ്യതി 09.04.08 | 2 |
| 2000-01 | എൽ എഫ് എം9/494/08 തിയ്യതി 09.04.08 | 2 |
| 2001-02 | എൽ എഫ് എം9/495/08 തിയ്യതി 09.04.08 | 4 |
| 2002-03 | എൽ എഫ് എം9/496/08 തിയ്യതി 07.04.08 | 10 |
| 2003-04 | എൽ എഫ് എം9/497/08 തിയ്യതി 09.04.08 | 9 |
| 2004-05 | എൽ എഫ് എം9/498/08 തിയ്യതി 03.05.08 | 14 |
| 2005-06 | എൽ എഫ് എം9/515/10 തിയ്യതി 06.07.10 | 15 |
| 2006-07 | എൽ എഫ് എം13/2904/11 തിയ്യതി 06.10.16 | 16 |
| 2007-08 | എൽ എഫ് എം13/2499/11 തിയ്യതി 24.01.12 | 13 |
| 2008-09 | എൽ എഫ് എം13/2500/11 തിയ്യതി 24.12.11 | 12 |
| 2009-10, 2010-11 | എൽ എഫ് എം13/1169/13 തിയ്യതി 10.12.13 | 17 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം13/3069/15 തി:02.03.2017 | 28 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം13/2141/16 തി.24.06.2017 | 26 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 17 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/1826/2017 തിയ്യതി 01.08.2018 | 29 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി 19.02.2019 | 25 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം 13/1185/2019

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തീയതി: 24.08.2019

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( **ഹയർ ഗ്രേഡ്**)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.